**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 34** **10-06-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ വികസന മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ശ്രദ്ധയാകർഷിക്കുന്ന കേരളത്തിന്റെ വികസന മാതൃക തകർക്കാനും ഇകഴ്ത്തിക്കാണിക്കാനും നടത്തുന്ന ശ്രമങ്ങൾക്കുള്ള മറുപടിയാണ് ദേശീയ - അന്തർദേശീയ തലത്തിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പുരസ്കാരങ്ങൾ എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | നീതി ആയോഗിൻറെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ (SDG India Index) തുടർച്ചയായ മൂന്നാം വർഷവും കേരളം ഒന്നാം സ്ഥാനം നിലനിർത്തി. നീതി ആയോഗ് പ്രസിദ്ധീകരിച്ച ബഹുമുഖ ദാരിദ്ര്യ സൂചിക (Multi-Dimensional Poverty Index) പ്രകാരം 2019-20 ൽ ഒരിക്കൽ കൂടി രാജ്യത്തെ അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ ആകെ പുരോഗതി പ്രതിഫലിപ്പിക്കുന്നതും സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ സർക്കാർ നടത്തി വരുന്ന ഉത്തമ മാതൃകകളുടെ പ്രതിഫലനവുമാണ്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നവകേരളം കർമ്മ പദ്ധതി പോലെയുള്ള പരിപാടികളിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നു. ആർദ്രം (ആരോഗ്യം), ലൈഫ് (ഭവനം), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാഭ്യാസം), ഹരിതകേരളം (ശുചിത്വം, ജലം, കൃഷി എന്നിവ ഉൾപ്പെടുന്ന) മിഷനുകളിലൂടെ പ്രധാന സാമൂഹിക മേഖലകളിലെ പ്രശ്നങ്ങൾ ഊർജ മിഷൻ, 'സൗര', 'ഫിലമെന്റ് ഫ്രീ കേരള' തുടങ്ങിയ സംരംഭങ്ങൾ സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കുടുംബശ്രീ (സ്ത്രീ അയൽക്കൂട്ടങ്ങൾ) കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്ന ജനകീയ ഭക്ഷണശാലകൾ (ഹോട്ടലുകൾ) വഴി സംസ്ഥാനത്ത് ആരും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പാക്കാനും വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കാനും കഴിഞ്ഞു. വിദ്യാഭ്യാസ ശാക്തീകരണത്തിനും ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആരോഗ്യമേഖലയിലെ |

| | | | |
|---|---|---|---|
| | | | സർക്കാർ ഇടപെടലുകളും വികേന്ദ്രീകൃതാസൂത്രണവും ജനപങ്കാളിത്തത്തോടെയുള്ള സർവ്വതലസ്പർശിയായ വികസന സമീപനവുമാണ് ഉയർന്ന മാനവവിഭവ സൂചികകൾ കൈവരിക്കാനും നിലനിർത്താനും കേരളത്തെ പ്രാപ്തമാക്കുന്നത്. ഇത്തരം പദ്ധതികളിലൂടെ സുസ്ഥിര വികസനത്തിന്റെ കേരള മോഡൽ രാജ്യത്തിന് മാതൃക ആണെന്ന അഭിപ്രായം നീതി ആയോഗ് ഉപാദ്ധ്യക്ഷ്യൻ മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. സുസ്ഥിരവികസന ഇൻഡക്സ്/ ഹെൽത്ത് ഇൻഡക്സ് പോലെയുള്ള വിവിധങ്ങളായ ദേശീയ-അന്തർദേശീയ സൂചികകളിൽ കേരള വികസന മാതൃക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച നേട്ടങ്ങൾ ദേശീയ ശ്രദ്ധയാകർഷിക്കുന്ന കേരളത്തിന്റെ വികസന മാതൃക തകർക്കാനും ഇകഴ്ത്തിക്കാണിക്കാനും നടത്തുന്ന ശ്രമങ്ങൾക്കുള്ള മറുപടിയായി കണക്കാക്കാവുന്നതാണ്. |
| (ബി) | സുസ്ഥിര വികസന സൂചികയിൽ ഏറ്റവും മുന്നിലെത്തിയ സംസ്ഥാനത്തെ 2023-ലെ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി നീതി ആയോഗ് തിരഞ്ഞെടുത്തിട്ടുണ്ടോ; | (ബി) | തിരഞ്ഞെടുത്തിട്ടുണ്ട്. മൾട്ടി ഡയമെൻഷണൽ പോവർട്ടി ഇൻഡക്സ് റിപ്പോർട്ട് പ്രകാരം കേരളത്തിലാണ് ഏറ്റവും കുറവ് ദാരിദ്ര്യ നിരക്ക് ഉള്ളത്. മൾട്ടി ഡയമെൻഷണൽ പോവർട്ടി ഇൻഡക്സിൽ കേരളത്തിൻറെ ദാരിദ്ര്യ നിരക്ക് കേവലം 0.55 ശതമാനം മാത്രമാണ്. |
| (സി) | ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തിന്റെ വികസന സൂചികയിലും, ക്ഷേമ പ്രവർത്തനങ്ങളിലും എന്തെല്ലാം അംഗീകാരങ്ങൾ കഴിഞ്ഞ എട്ടുവർഷം കൊണ്ട് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ദേശീയ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി മൂന്നു വർഷങ്ങളിൽ (2018, 2019-20, 2020-21) കേരളം ഒന്നാമതാണ്.<br><br>1925–ാ ം ആണ്ട് കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ലോക സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്. അന്താരാഷ്ട്ര സഹകരണ സമിതിയുടെ റാങ്കിങ്ങ് പ്രകാരം ഇൻഡസ്ട്രി & യൂട്ടിലിറ്റി മേഖലയിൽ തുടർച്ചയായി രണ്ടാം റാങ്ക് നിലനിർത്തുന്നതും, ഏഷ്യാ-പസഫിക് മേഖലയിലെ എറ്റവും മികച്ച സഹകരണ പ്രസ്ഥാനം എന്ന അംഗീകാരം ലഭിച്ചതും, യുഎൻഡിപിയുടെ പ്രത്യേക പ്രശംസ നേടിയതുമായ സഹകരണ സംഘമാണ്. സഹകരണരംഗത്തെ രാജ്യാന്തര സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ICA) 2019-ൽ ഊരാളുങ്കൽ സംഘത്തിന് അംഗത്വം നൽകി ആദരിച്ചു. ISO 9001, 14001, 45001 സർട്ടിഫൈഡ് സ്ഥാപനമായ ഊരാളുങ്കൽ ഐക്യരാഷ്ട്ര സഭയുടെ 17 എണ്ണത്തിൽ 13 സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഏഷ്യ-പസഫിക് |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര സഹകരണ സഖ്യം, ടി സ്ഥാപനത്തെ ഏഷ്യ-പസഫിക് മേഖലയിലെ ഏറ്റവും മികച്ച സഹകരണ സ്ഥാപനമായി തിരഞ്ഞെടുത്തിട്ടുണ്ട്. സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയ തലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയ തലത്തിൽ പ്രഥമ സ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ